**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**2083/ 2018** /തസ്വഭവ　　　　　　　　തീയതി, തിരുവനന്തപുരം 30.07.2018

പരാമർശം :- 1) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018- ലെ കത്ത്

2) സ.ഉ.(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.18 ൽ കൂടിയ യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നംബർ 4.10

**ഉത്തരവ്**

മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും നൽകുന്നതിന് 10,00,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും (പ്രോ.നം. 20/19) ഈ പ്രോജക്ട് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി നൽകണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.18 ൽ കൂടിയ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി യോഗത്തിന്റെ 4.10 നമ്പർ തീരുമാന പ്രകാരം പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.3(6)- ലെ സബ്സിഡി നിരക്ക് പരമാവധി സബ്സിഡി തുക 30,000/- രൂപയായി പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയോടെ 75% മായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**പാറ്റ്സി സ്റ്റീഫൻ**

**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**